2790

# കേരള സർക്കാർ

## സംഗ്രഹം

സൗത്ത് വയനാട് ഡിവിഷനിലെ മേപ്പാടി വയനാട് കോളനൈസേഷൻ സ്കീം - ശ്രീ.പി.അബ്ദുൾ ജലീൽ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർക്കെതിരെയുള്ള അച്ചടക്ക നടപടി - ഔപചാരികാന്വേഷണത്തിന് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം.375/2018/വനം  തിരുവനന്തപുരം, തീയതി, 10/08/2018

പരാമർശം:-

1. 08.12.2014 ലെ കോഴിക്കോട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറിന്റെ ഇ 1-7721/14 നമ്പർ കത്ത്
2. 12.12.2014 ലെ സൗത്ത് വയനാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറിന്റെ ഇ 1-4303/14 നമ്പർ കത്ത്
3. 19.02.2015 ലെ കണ്ണൂർ നോർത്തേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററിന്റെ ഇ 1-9776/14 നമ്പർ കത്ത്
4. 17.07.2017, 04.05.2018 എന്നീ തീയതികളിലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി1-9574/15 നമ്പർ കത്തുകൾ
5. 19.08.2017- ലെ F& WLD- A1/88/17- F& WLD നമ്പർ കുറ്റപത്രവും/കുറ്റാരോപണ പത്രികയും
6. 27.09.2017 തീയതിയായി ശ്രീ.പി.അബ്ദുൾ ജലീൽ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ സമർപ്പിച്ച പ്രതിവാദപത്രിക

## ഉത്തരവ്

കോഴിക്കോട് വനം ഡിവിഷനിലെ കുറ്റ്യാടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായിരുന്ന ശ്രീ.പി.അബ്ദുൾ ജലീൽ സൗത്ത് വയനാട് ഡിവിഷനിലെ മേപ്പാടി വയനാട് കോളനൈസേഷൻ സ്കീം റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായി ജോലി ചെയ്തിരുന്ന വേളയിൽ ഓഫീസ് പ്രവർത്തനങ്ങളിൽ ഉദാസീനത കാട്ടുകയും ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ നിർദ്ദേശങ്ങൾ അവഗണിച്ച്, വിഷയത്തിന്റെ ഗൗരവം കണക്കിലെടുക്കാതെ അലക്ഷ്യമായി പ്രവർത്തിക്കുന്നതായും റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിന് കാലതാമസം വരുത്തുന്നതായും യൂണിഫോം ധരിക്കാതെയും മറ്റും മേലുദ്യോഗസ്ഥനോട് ധിക്കാരപരമായി പെരുമാറുന്നതായും മാനന്തവാടി സോഷ്യൽ ഫോറസ്ട്രി റെയിഞ്ചാഫീസർ ശ്രീ.ബാബു ജോസുമായി സ്വകാര്യ പണമിടപാടിലേർപ്പെട്ട് തർക്കമുണ്ടായതു വഴി വകുപ്പിന് നാണക്കേടുണ്ടാകുന്ന വിധം പ്രവർത്തിച്ചതായും കോഴിക്കോട്, വയനാട്, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരിൽ നിന്ന് പരാമർശം (1), (2) പ്രകാരം ലഭിച്ച റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ശ്രീ.പി.അബ്ദുൾ ജലീലിനെതിരെ കഠിനശിക്ഷയുള്ള അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (നോർത്തേൺ

സർക്കിൾ), കണ്ണൂർ, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) എന്നിവർ പരാമർശം (3), (4) പ്രകാരം ശുപാർശ ചെയ്തു.

2) മേൽ ശുപാർശ അംഗീകരിച്ച് ശ്രീ.പി.അബ്ദുൾ ജലീൽ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർക്കെതിരെ 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം കഠിനശിക്ഷയുള്ള കുറ്റപത്രവും/കുറ്റാരോപണ പത്രികയും പരാമർശം (5) പ്രകാരം നൽകി അച്ചടക്ക നടപടി ആരംഭിച്ചു.

3) ഈ വിഷയത്തിൽ കൂടുതൽ തെളിവുകൾ ശേഖരിക്കുന്നതിനും ശ്രീ.പി.അബ്ദുൾ ജലീൽ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസറിന് നിരപരാധിത്വം തെളിയിക്കുന്നതിന് ഒരവസരം നൽകുന്നതിനുമായി ഔപചാരികാന്വേഷണം നടത്തുന്നതിനും അന്വേഷണാധികാരിയായി ശ്രീ.ജോസ് മാത്യു, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് & ടെക്നിക്കൽ അസിസ്റ്റന്റ്, ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (നോർത്തേൺ സർക്കിൾ), കണ്ണൂരിനെയും പ്രസന്റിംഗ് ഓഫീസറായി കണ്ണൂർ ഫ്ലൈയിംഗ് സ്വാഡ് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.പി.പ്രസാദിനെയും നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

4) അന്വേഷണാധികാരി കർശനമായും 2 മാസത്തിനകം അന്വേഷണ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എസ്. പ്രവീൺ
ജോയിന്റ് സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്
ശ്രീ.ജോസ് മാത്യു, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് & ടെക്നിക്കൽ അസിസ്റ്റന്റ്, ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (നോർത്തേൺ സർക്കിൾ), കണ്ണൂർ
ശ്രീ.പി.പ്രസാദ്, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, കണ്ണൂർ ഫ്ലൈയിംഗ് സ്വാഡ്
ശ്രീ.പി.അബ്ദുൾ ജലീൽ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ